**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2322

09.12.2014-ലെ മറുപടിയ്ക്ക്

**സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടന**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ വിജിലൻസ് ആഫീസിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സഹകരണ വിജിലൻസ് ആഫീസറായും, സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ ഇൻസ്പെക്ടർമാർ, രണ്ട് ഓഫീസ് അറ്റൻഡർമാർ മൂന്ന് സിവിൽ പോലീസ് ഓഫീസർമാർ എന്നിവർ ഉൾപ്പെട്ടതുമാണ് ഓഫീസ്. കൂടാതെ സഹകരണ വിജിലൻസ് ആഫീസറുടെ കീഴിൽ ദക്ഷിണ മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) ആലപ്പുഴ ആസ്ഥാനമായും, മദ്ധ്യമേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്) തൃശ്ശൂർ ആസ്ഥാനമായും, ഉത്തര മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) കണ്ണൂർ |

ആസ്ഥാനമായും മേഖലാ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ മേഖലാ ഓഫീസിലും പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ മേഖലാ സഹകരണ വിജിലൻസ് ആഫീസറായും പോലീസ് വകുപ്പിലെ ഒരു സർക്കിൾ ഇൻസ്പെക്ടർ, 3 വീതം സിവിൽ പോലീസ് ആഫീസർമാർ സഹകരണ വകുപ്പിലെ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ സംഘം ഇൻസ്പെക്ടർമാർ, രണ്ട് ഓഫീസ് അറ്റൻഡർമാർ എന്നിവർ ഉൾപ്പെട്ടതാണ് മേഖലാ ആഫീസുകൾ. സഹകരണ സംഘങ്ങളിലെ അഴിമതിയും, ദുർഭരണവും, സാമ്പത്തിക ക്രമക്കേടുകൾ, ഫണ്ട് ദുർവിനിയോഗം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതീവ ഗുരുതരമായ വിഷയങ്ങളിൽ സമഗ്രമായ അന്വേഷണത്തിനും വിശദമായ റിപ്പോർട്ടിനും വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം പരാതികൾ സഹകരണ വിജിലൻസ് ആഫീസർക്ക് നൽകുകയും ടി പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുക എന്നുള്ളതാണ് സഹകരണ വിജിലൻസ്

വിംഗിന്റെ കർത്തവ്യം. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തിര പ്രാധാന്യമുള്ള പരാതികളിൽ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽ നിന്നും വിഭിന്നമായതിനാൽ നിരന്തരമായ പരിശോധനയും അന്വേഷണങ്ങളും നടത്തിക്കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതിയും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും അംഗങ്ങളുടെ താല്പര്യം പൂർണ്ണമായി സംരക്ഷിച്ചു സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ട്; ഇവയിൽ തീർപ്പാക്കിയ പരാതികൾ എത്ര; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 60 എണ്ണം. 40 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചതിൽ 16 അന്വേഷണ റിപ്പോർട്ടുകളിൻമേൽ നടപടികൾ ആവശ്യമില്ലെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എട്ട് അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്. ചില കേസുകളിൽ 2 വർഷവും അതിലധികം സമയമെടുത്തുകൊണ്ട് സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരം അന്വേഷണം/പരിശോധന നടത്തുന്നതിനാൽ സമാന്തര അന്വേഷണം വിജിലൻസ് വിഭാഗം നടത്തേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായും സഹകരണ രജിസ്ട്രാറെ അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സഹകരണ വിജിലൻസിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (സി) | സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. നേരിട്ട് അന്വേഷണം നടത്താനുള്ള അധികാരം വിജിലൻസിനില്ല. |
| (ഡി) | വെഞ്ഞാറമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 2419 ന്റെ പേരിൽ സഹകരണ വിജിലൻസിന് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ആരൊക്കെയാണ് | (ഡി) | 06.11.2013 -ൽ ശ്രീ. കോലിയക്കോട്ട കൃഷ്ണൻ നായർ എം.എൽ.എ. യുടെ പരാതി സഹകരണ വിജിലൻസിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയത്തിൽ ശ്രീമതി. സുപ്രഭ മുതൽ 211 പേരും ചേർന്ന സമർപ്പിച്ച മറ്റൊരു പരാതി |

| | |
|---|---|
| പരാതിക്കാർ; ഈ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | 26.09.2011 ന് സഹകരണ രജിസ്ട്രാർക്കും ലഭിച്ചിരുന്നു. ടി പരാതികളിന്മേൽ സഹകരണ രജിസ്ട്രാർ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ